## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.553 27/07/2015-ലെ മറുപടിക്ക്

### പ്ലസ് വൺ പ്രവേശന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, എം.എ.ബേബി<br>,, കെ.സുരേഷ് കുറുപ്പ്<br>,, ജെയിംസ് മാത്യു | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോകാനിടയായത് എന്തുകൊണ്ടെന്നറിയിക്കാമോ; പ്രവേശനം പൂർണ്ണതോതിൽ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ; | (എ) ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോയിട്ടില്ല. മുൻവർഷത്തെ അപേക്ഷിച്ച് വളരെ നേരത്തെതന്നെ പ്രവേശന പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകജാലകസംവിധാനംവഴിയുള്ള പ്രവേശന പ്രക്രിയ 07/08/2015-ഓട്ടുകൂടി അവസാനിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) സീറ്റ് അലോട്ട്മെന്റ് നടപടികളിൽ അനാവശ്യകാലതാമസം വന്നിട്ടുണ്ടോ; ഇതിനകം എത്ര അലോട്ട്മെന്റുകളാണ് നൽകിയിട്ടുള്ളത്; ഒന്നും രണ്ടും അലോട്ട്മെന്റുകൾ തമ്മിൽ എത്ര ആഴ്ചത്തെ കാലതാമസമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) ഈ വർഷത്തെ പ്ലസ് വൺ അലോട്ട്മെന്റ് നടപടി ക്രമങ്ങളിൽ കാലതാമസം വന്നതായി കരുതുന്നില്ല. പ്രൊസ്പക്ടസിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ട് മുഖ്യ അലോട്ട്മെന്റും, രണ്ട് സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെന്റും,ഒരു സ്കൂൾ/ കോംബിനേഷൻ മാറ്റവും ഇതിനകം നടന്നിട്ടുണ്ട്.<br><br>ഏകജാലക സംവിധാനത്തിലെ മുഖ്യ അലോട്ട്മെന്റ് പ്രക്രിയയിലെ ആദ്യ അലോട്ട്മെന്റ് റിസൾട്ട്സ് ജൂൺ 16 ന് പ്രസിദ്ധീകരിക്കുകയും ജൂൺ 16,17,18 തീയതികളിൽ പ്രവേശനം നടക്കുകയും ചെയ്തു. രണ്ടാമത്തെ അലോട്ട്മെന്റ് |

റിസൾട്സ് ജൂൺ 28 ന് പ്രസിദ്ധീകരിക്കുകയും ജൂൺ 29,30 ജൂലൈ 1 തീയതികളിൽ പ്രവേശനം നടക്കുകയും ചെയ്തു. ആദ്യ സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെന്റ് റിസൾട്സ് ജൂൺ 17 ന് പ്രസിദ്ധീകരിക്കുകയും ജൂൺ 18,19 തീയതികളിൽ പ്രവേശനം നടക്കുകയും ചെയ്തു. രണ്ടാമത്തെ സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെന്റ് റിസൽട്സ് ജൂൺ 20 ന് പ്രസിദ്ധീകരിക്കുകയും ജൂൺ 22,23 തീയതികളിൽ പ്രവേശനം നടക്കുകയും ചെയ്തു. ഒന്നും രണ്ടും അലോട്ട്മെന്റുകൾ തമ്മിൽ ഏകദേശം രണ്ടാഴ്ചത്തെ ഇടവേള വന്നിട്ടുണ്ട്. ഈ കാലയളവിൽ സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെന്റ് നടന്നിട്ടുണ്ട്.

(സി) അലോട്ട്മെന്റുകൾ നീളുന്നത് സ്വകാര്യ-എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അലോട്ട്മെന്റ് പ്രക്രിയയിൽ കാലതാമസം വന്നതായി കരുതുന്നില്ല

(ഡി) എസ്.എസ്.എൽ.സി. സേ പരീക്ഷ എഴുതിയവർക്കും പുനർ മൂല്യനിർണ്ണയം നടത്തിയവർക്കും യഥാസമയം മാർക്ക് ലിസ്റ്റ് ലഭിക്കാത്തതുകാരണം ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ പ്രവേശനം നേടാൻ കഴിയാതെ വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എസ്.എസ്.എൽ.സി സേ പരീക്ഷയിൽ യോഗ്യത നേടിയവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനാണ് അപേക്ഷിക്കാൻ അവസരം നൽകുന്നത്. എസ്.എസ്.എൽ.സി സേ പരീക്ഷാ ഫലം ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ടി വിദ്യാർഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിന് എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റ് നിർബന്ധമില്ല ഇന്റർ നെറ്റിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പ്രവേശനം നേടാവുന്നതാണ്.

പുനർ മൂല്യ നിർണയത്തിൽ ഉയർന്നമാർക്ക് നേടിയവരുടെകാര്യത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

ഏകജാലക സംവിധാനത്തിലെ പ്രോസസ്സിങ്ങ് ആരംഭിക്കുന്നതിന് മുൻപ് അപേക്ഷകരുടെ ഡാറ്റ ഫ്രീസ് ചെയ്യേണ്ടതായിട്ടുണ്ട്. നടപടി പൂർത്തിയാകുന്നത് വരെ ഈ ഡാറ്റയിൽ യാതൊരു മാറ്റവുംവരുത്തുവാൻ കഴിയില്ല. എന്നാൽ ഏകജാലകത്തിലൂടെ പ്രവേശനം ലഭിച്ചിട്ടുള്ള ടി വിദ്യാർഥികൾ സ്കൂൾ/കോംബിനേഷൻ മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം ഉയർന്നമാർക്ക് പരിഗണിച്ചാണ് സ്കൂൾ/കോംബിനേഷൻ മാറ്റം അനുവദിച്ചിട്ടുള്ളത്.

പുനർ മൂല്യ നിർണയത്തിൽ യോഗ്യത നേടിയവരെ സംബന്ധിച്ചിടത്തോളം അവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ നൽകാൻ കഴിയും.

(ഇ) ധൃതിപിടിച്ച് അപൂർണ്ണമായ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തുകയും പ്ലസ് വൺ പ്രവേശനത്തിൽ അമാന്തം കാണിക്കുകയും ചെയ്യുന്നത് പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നടപടിയാണെന്ന കാര്യം ബോധ്യമുണ്ടോ?

(ഇ) ധൃതിപിടിച്ച് അപൂർണ്ണമായി എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തുകയോ പ്ലസ് വൺ പ്രവേശനത്തിൽ അമാന്തം കാണിക്കുകയോ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ